അലനല്ലൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം
അലനല്ലൂർ പി.ഒ, പാലക്കാട് ജില്ല, 678601, ഫോൺ 04924-262235
Mail ID: ddpalanallurpkd@gmail.com. Phone No. 04924 262 235

നമ്പർ. എസ്.സി3– 21/2026–27 തിയതി. 29/06/2026

## ഇ –ടെണ്ടർ പരസ്യം

-----------------------------

അലനല്ലൂർ ഗ്രാമപഞ്ചായത്ത് 2026-27 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണം നടത്തുന്ന പ്രൊജക്ട് നം 21/27 തെരുവു വിളക്കുകളുടെ വാർഷിക മെയിന്റെനൻസ് എന്ന പദ്ധതിയിൽ അലനല്ലൂര് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിലവിൽ കാലാവധി കഴിഞ്ഞ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ ഒരുവർഷ കാലയളവിലേക്ക് അറ്റകുറ്റപ്പണിചെയ്യുന്നതിന് തയ്യാറുള്ള സ്ഥാപനങ്ങളിൽ നിന്നും / അംഗീകൃത കരാറുകാരിൽ നിന്നും മത്സരാധിഷ്ഠിത ഇ-ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു.

| ക്ര.ന | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ഫാറം വില | നിരദ്രവ്യം |
|---|---|---|---|---|
| 1 | തെരുവ് വിളക്ക് വാർഷിക മെയിന്റെനൻസ്– പ്രോ.ന 21/27 | 1000000 | 2205/– | 25000/– |

ടെണ്ടർ ഫോറം വിതരണം ചെയ്യാൻ ആരംഭിക്കുന്ന തീയതി – 29/06/2026 1 PM
ടെണ്ടർ ഫോറം സമർപ്പിക്കേണ്ട അവസാന തീയതി – 07/07/2026 6 PM
ടെണ്ടർ ഫോറം തുറക്കുന്ന തീയതി – 09/07/2026 11 AM

1. 30 W ന്റെ ഒരു എൽ.ഇ.ഡി തെരുവ് വിളക്ക് ഓട്ടോമാറ്റിക് ബൾബ് ഒരു വർഷത്തേക്ക് അറ്റകുറ്റപണി ചെയ്യുന്നതിന് എല്ലാ നികുതികളും ഉൾപ്പെടെ കയറ്റിറക്ക് ചാർജ്ജ് ഉൾപ്പെടെയുള്ള തുകയാണ് കോട്ട് ചെയ്യേണ്ടത്.

2. തെരുവ് വിളക്ക് മെയിന്റെനൻസ് ഏറ്റെടുക്കുന്ന കരാറുകാരന് സൂപ്പർ വൈസറി ലൈസൻസും, ബി ക്ലാസ്സ് ലൈസൻസും തൊഴിലാളികൾക്ക് ഇലക്ട്രീഷൻ ലൈസൻസും പ്രവർത്തി പരിചയവും ഉണ്ടായിരിക്കേണ്ടതാണ്.
3. തെരുവ് വിളക്ക് മെയിന്റെനൻസ് വർക്കുകള് കെ.എസ് .ഇ.ബി അധികൃതരുടെ മേൽ നോട്ടത്തിൽ ചെയ്യേണ്ടതാണ്.
4. റിപ്പയർ ചെയ്ത സാധന സാമിഗ്രികള് പഞ്ചായത്തിന് തിരികെ നൽകേണ്ടതാണ്.
5. കരാർ ലഭിക്കുന്നവർ കരാർ തുകയുടെ 5 ശതമാനം സെക്യൂരിട്ടി ഡിപ്പോസിറ്റ് അടവാക്കേണ്ടതാണ്
6. കരാറുകാരന് ജി.എസ്.ടി രജിസ്ട്രേഷൻ പാൻ കാർഡ് എന്നിവ നിർബന്ധമാണ്.
7. ടെണ്ടർ അംഗീകരിച്ച് അറിയിപ്പ് ലഭിക്കുന്ന വിതരണക്കാരന് 10 ദിവസത്തിനുള്ളിൽ നിശ്ചിത മൂല്യത്തിലുള്ള മുദ്ര പത്രത്തിൽ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടും സെക്യൂരിറ്റി തുക ഒടുക്കേണ്ടതുമാണ്
8. സാധന സാമഗ്രികളുടെ/ഉപകരണങ്ങളുടെ വില എല്ലാ നികുതികളും ഉൾപ്പെടെ ആയിരിക്കണം.
9. ഒരു കാരണവശാലും അഡ്വാൻസ് തുക അനുവദിക്കുന്നതല്ല
10. സെക്യൂരിറ്റി തുക വാറണ്ടി പ്രൊജക്ട് കാലാവധി കഴിഞ്ഞതിന് ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.
11. മോണിറ്ററിംഗ് കമ്മറ്റിയുടെ ശുപാർശയോട് കൂടി മാത്രമേ തുക അനുവദിക്കുകയുള്ളു.
12. തെരുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ ഉത്തരവുകളും സർക്കുലറുകളും ഈ ടെണ്ടറിനും ബാധകമായിരിക്കും.
13. കരാറിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടു എന്ന് ബോധ്യപ്പെട്ടാൽ കരാർ റദ്ദാക്കാൻ പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കും.
14. ടി പ്രവൃത്തി ചെയ്യുന്നതിന് മുൻപ് കെഎസ്ഇബി അധികൃതരെ അറിയിച്ച് അനുമതി വാങ്ങേണ്ടതും വൈദ്യുതി കണക്ഷൻ വിച്ഛേദിപ്പിക്കേണ്ടതുമാണ്.
15. പ്രവൃത്തിയിൽ ഏർപ്പെടുന്നവർക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കും.

16. പ്രവൃത്തി സമയത്തുണ്ടാകുന്ന ആളപായമോ മറ്റ് നാശനഷ്ടങ്ങളോ ഉണ്ടാകുന്ന പക്ഷം ആയതിനുള്ള പൂർണ്ണ ഉത്തരവാദിത്വം കരാറുകാരനായായിരിക്കും.
17. പഞ്ചായത്ത് രാജ് നിയമവും പ്രൊക്യൂർമെന്റ് മാനുവലും ഇ ടെണ്ടറിന് ബാധകമായിരിക്കും-
18. ടെണ്ടർ അംഗീകരിക്കുവാനും നിരസിക്കുവാനും ഉള്ള പൂർണ്ണ അധികാരം പഞ്ചായത്ത് കമ്മറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.
19. കൂടുതൽ വിവരങ്ങൾ പഞ്ചായത്ത് ഓഫീസിൽനിന്നും https://tender.lsgkerala.gov.in, https://etenders.kerala.gov.in, https://alanallurpanchayat.lsgkerala.gov.in/ എന്ന വെബ് സൈറ്റിൽ നിന്നും ലഭ്യമാണ്.

സെക്രട്ടറി

അലനല്ലൂര് ഗ്രാമപഞ്ചായത്ത്